നം.ക്യൂ.ഐ.പി2/11756/2019/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി: 22-03-2019.

# സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം -അവധിക്കാല അധ്യാപക പരിശീലനം -സംബന്ധിച്ച്.

സൂചന:-

1) അവധിക്കാല പരിശീലനത്തിനുള്ള അക്കാദമിക തയ്യാറെടുപ്പുകൾ എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ നടന്നു വരുന്നു. 4 ദിവസത്തെ അക്കാദമിക പരിശീലനവും 4 ദിവസത്തെ ഐ.സി.ടി പരിശീലനവുമാണ് ഇപ്പോൾ വിഭാവനം ചെയ്തിട്ടുള്ളത്.

2) കോർ എസ്.ആർ.ജി മാർച്ച് മാസത്തോടെ പരിശീലനത്തിനുള്ള അക്കാദമിക ഉള്ളടക്കത്തിന്റെ പൊതുചട്ടകൂട് തയ്യാറാക്കും.

3) താഴെപ്പറയും വിധമാണ് കരട് പരിശീലന കലണ്ടർ തയ്യാറാക്കിയിരിക്കുന്നത്. തെരഞ്ഞെടുപ്പ് ഘട്ടമായതിനാൽ വേണ്ടമാറ്റങ്ങൾ ഏതവസരത്തിലും വരാം.

എ) പ്രൈമറി

| | | |
|---|---|---|
| എസ്.ആർ.ജി | - | ഏപ്രിൽ 2-6 |
| ഡി.ആർ.ജി | - | ഏപ്രിൽ 25-29 |
| പരിശീലനം | - | മെയ് 3 - 7 - ഒന്നാംഘട്ടം |
| | | മെയ് 8 - 1 1- രണ്ടാംഘട്ടം |

ബി) സെക്കന്ററി

എസ്.ആർ.ജി - മെയ് 6 - 9

(അതിന് മുമ്പ് പ്ലാനിംഗ് കോർ എസ്.ആർ.ജിമാരുടെ കൂടിയിരുപ്പ്)

(ഡി.ആർ.ജി ഉണ്ടാകില്ലെങ്കിൽ വിപുലീകൃത എസ്.ആർ.ജി പരിശീലനം)

അധ്യാപക പരിശീലനം - മെയ് 13 - 16 ഒന്നാംഘട്ടം

മെയ് 17 - 21 രണ്ടാംഘട്ടം

വേണ്ടി വന്നാൽ മെയ് 27 - 30 തീയതികളിൽ മൂന്നാംഘട്ടം

സി) ഹയർ സെക്കണ്ടറി പരിശീലനത്തിന്റെ വിശദാംശം പിന്നാലെ അറിയിക്കും.

മറുപുറം

4) കൈറ്റിന്റെ നേതൃത്വത്തിലാകും 4 ദിവസത്തെ ഐ.സി.ടി പരിശീലനം.

5) അധ്യാപക പരിശീലനത്തിനാവശ്യമായ സാങ്കേതിക കാര്യങ്ങളുടെ ചുമതല കൈറ്റിനായിരിക്കും.

6) അക്കാദമിക പരിശീലനത്തിന്റെ നിർവ്വഹണ ചുമതല സമഗ്ര ശിക്ഷ കേരളത്തിനായിരിക്കും.

7) ജില്ലയിൽ പരിശീലന പരിപാടി ഫലപ്രദമായും സമയബന്ധിതമായും നടക്കുന്നു എന്നുറപ്പാക്കാനുള്ള ഉത്തരവാദിത്തം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിനുണ്ട്. ഡി.ഡി.ഇയുടെ ചുമതലയിൽ ഡയറ്റ് പ്രിൻസിപ്പാൾ, ഡി.ഇ.ഒ മാർ, സമഗ്രശിക്ഷ ഡി.പി.ഒ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം കോഡിനേറ്റർ, കൈറ്റ് കോഡിനേറ്റർ എന്നിവരടങ്ങിയ ജില്ലാ സമിതി അവധിക്കാല പരിശീലനം ഫയപ്രദമായി നടക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്.

<u>താഴെപറയുന്ന ചുമതലകൾ ഈ സമിതിക്കുണ്ടാകും.</u>

- ഏറ്റവും അനുയോജ്യമായ പരിശീലനകേന്ദ്രങ്ങൾ കണ്ടെത്തുക. ഐ.സി.ടി ഇന്റഗ്രേഷനും സമഗ്ര പോർട്ടലിന്റെ വിനിയോഗവും നടക്കേണ്ടതിനാൽ അതിനനുയോജ്യമായ കേന്ദ്രങ്ങളാകണം കണ്ടെത്തേണ്ടത്. സെക്കന്ററി, ഹയർസെക്കന്ററി തലങ്ങളിലെ 45000 ക്ലാസുമുറികൾ ഇതിനകം ഹൈടെക്കായിട്ടുണ്ട്.
- നല്ല വേനൽകാലം ആയതിനാൽ സൗകര്യപ്രദമായ ഇരിപ്പിടം, ഫാൻ, കുടിവെള്ളം ഇവയെല്ലാം പ്രധാനമാണ്. ഇതെല്ലാം ഉറപ്പാക്കണം.
- പ്രൈമറി തലത്തിൽ ആവശ്യത്തിന് എസ്.ആർ.ജിമാർ, ഡി.ആർ.ജിമാർ എന്നിവർ പരിശീലനം നേടിയിട്ടുണ്ട് എന്നുറപ്പാക്കാൻ, റിസോഴ്സ് പേഴ്സനെ കണ്ടെത്തൽ എന്നിവയ്ക്ക് ജാഗ്രത കാട്ടേണ്ടതുണ്ട്.
- സെക്കന്ററിതലത്തിൽ എസ്.ആർ.ജി പരിശീലനം പ്രധാനമാണ്. ഡി.ആർ.ജി പരിശീലനം ഉണ്ടാവില്ല. ഓരോവിഷയത്തിനും 4 വീതം അധ്യാപകരെ വിദ്യാഭ്യാസ ജില്ലാടിസ്ഥാനത്തിൽ മുൻഗണന ക്രമത്തിൽ ലിസ്റ്റ് ചെയ്യണം. താഴെപറയുന്ന വിഷയങ്ങൾക്കാണ് എസ്.ആർ.ജിമാർ ആവശ്യമുള്ളത്.

1) മലയാളം, 2) ഇംഗ്ലീഷ്, 3) ഹിന്ദി, 4) തമിഴ്, 5) കന്നഡ, 6) അറബി, 7) ഉറുദു, 8) സംസ്കൃതം, 9) കെമിസ്ട്രി, 10) ഫിസിക്സ്, 11) ബയോളജി, 12) സോഷ്യൽ സയൻസ്, 13) ഗണിതം, 14) കല, 15) കായികം, 16) പ്രവൃത്തി പരിചയം.

അധ്യാപകരുടെ പേര്, വിലാസം, ഫോൺ നമ്പർ, ഇമെയിൽ ഐ.ഡി എന്നിവ ശേഖരിക്കുന്നത് വിവരങ്ങൾ നൽകുന്നതിന് സഹായകരമാവും.

- അധ്യാപക പരിശീലനത്തിന് ഡയറ്റുകൾക്ക് നിർണ്ണായക പങ്കുണ്ടാകണം. കോർഇ എസ്.ആർ.ജി, എസ്.ആർ.ജി എന്നീ ടീമുകളിലേക്ക് അറിയിപ്പ് നൽകിയ മുഴുവൻ ഡയറ്റ് ഫാക്കൽറ്റിയും പങ്കെടുക്കുന്നു എന്നു ഉറപ്പാക്കണം.
- സെക്കണ്ടറിതലത്തിലെ പരിശീലനം മുൻ വർഷങ്ങളിലെപ്പോലെ ഡയറ്റുകളുടെ നേതൃത്വത്തിൽ ആയിരിക്കണം നടക്കേണ്ടത്.

സി.രാഘവൻ
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2) എല്ലാ ഡയറ്റ് പ്രിൻസിപ്പാൾമാർക്കും.
3) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
4) എല്ലാ പ്രഥമാധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർമാർ മുഖാന്തിരം)

ആർ.കെ.